

# യുദ്ധാഗ്നി

**പാ**ക്കിസ്ഥാനുമായുള്ള ഏറ്റവും അവസാനത്തെ യുദ്ധം നടന്നത് 27 കൊല്ലം മുമ്പാണ്. കാശ്മീർ ഒരു പ്രക്ഷുബ്ധപ്രദേശമായി തുടരുന്നു എന്നതും പാക്കിസ്ഥാൻ അത്യാനന്ദപൂർവം അവിടെ എരിയുന്ന തീയിൽ എണ്ണ ഒഴിക്കുന്നുണ്ട് എന്നതും അംഗീകരിക്കണം. പക്ഷെ, എണ്ണ ഒഴിക്കാൻ ഒരു തീ അവിടെ ആദ്യംതന്നെ ഉണ്ടായിരിക്കണമല്ലോ. ആളിക്കത്താനൊരുങ്ങിയിരുന്ന ഒരു തീക്കുന ആയിരുന്നോ അത്? സത്യസന്ധതയുടെ ചെറിയ ഒരംശമെങ്കിലും പ്രകടിപ്പിച്ചുകൊണ്ട് കാശ്മീരിലെ പ്രക്ഷുബ്ധാവസ്ഥയിൽ തങ്ങൾക്കു യാതൊരു പങ്കുമില്ലെന്ന് പറഞ്ഞൊഴിയാൻ ഇന്ത്യാരാഷ്ട്രത്തിനു കഴിയുമോ? കാശ്മീർ മാത്രമല്ല, അസം, ത്രിപുര, നാഗാലാൻഡ് - വടക്കുകിഴക്കൻ മേഖല ഏതാണ്ട് മുഴുവനായുംതന്നെ - ത്സാർഖണ്ഡും ഉത്തർഖണ്ഡും.... ഇനിയും വരാൻപോകുന്ന ഇത്തരം പ്രശ്നങ്ങളും. ആഴത്തിൽ കുടിയിരിക്കുന്ന ഒരു രോഗത്തിന്റെ ലക്ഷണങ്ങളാണെല്ലാം. പാക്കിസ്ഥാന്റെ നേരെ അണ്വായുധ മിസൈലുകൾ ചൂണ്ടിയതുകൊണ്ട് അതിനെ പരിഹരിക്കാൻ കഴിയുകയില്ല; പരിഹരിക്കപ്പെടുകയുമില്ല....

"ഭാവനയുടെ അന്ത്യം" - ഉപന്യാസം

**അരുന്ധതി റോയ്**